**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3555** **08-10-2025 - ൽ മറുപടിയ്ക്ക്**

**കോതമംഗലം താലൂക്കിലെ അർഹരായ കൈവശക്കാർക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കോതമംഗലം താലൂക്കിലെ പട്ടയ നടപടികളുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കാമോ; | (എ) | കടവൂർ വില്ലേജിൽ സർവ്വേ നം. 1047/1-ൽപ്പെട്ട 6<br>പേർക്ക് പട്ടയം നൽകിയിട്ടുള്ളതും കുട്ടമ്പുഴ, നേര്യമംഗല<br>വില്ലേജുകളിലായി ആയിരത്തോളം അപേക്ഷകളിൽ<br>ഭൂമി സർവ്വെ ചെയ്ത് സ്കെച്ച് തയ്യാറാക്കിയിരുന്നതു<br>ആയതിൽ 372 അപേക്ഷകൾ പ്രകാരമുള്ള ഭൂമി പതി<br>ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതും 600-ഓള<br>അപേക്ഷകളിൽ പതിവ് റിക്കാർഡുക<br>തയ്യാറാക്കുന്നതിനുള്ള നടപടിക<br>സ്വീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ ഇ<br>പ്രവർത്തനങ്ങൾ നടന്നു വരവെ പ്രസ്തുത ഭൂമ<br>വനഭൂമിയായി വിജ്ഞാപനം ചെയ്തിട്ടുള്ളതാണ് എന<br>കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ<br>കോതമംഗലം സ്പെഷ്യൽ തഹസിൽദാരെ കത്ത<br>മുഖേന അറിയിക്കുകയുണ്ടായി. പ്രസ്തുത കത്തിൽ<br>കോതമംഗലം ഡിവിഷനിൽ 01/01/1977-ന് മുൻ<br>വനഭൂമി കയ്യേറിയവർക്ക് സംയുക്ത പരിശോധനയു<br>അടിസ്ഥാനത്തിൽ 160 ഹെക്ടർ വനഭൂമിക്ക് 1993-ല<br>ചട്ടങ്ങൾ പ്രകാരം പട്ടയം നല്കിയിട്ടുള്ളതാണെന്നും<br>ജണ്ടക്ക് പുറത്ത് കിടക്കുന്നതും വില്ലേജ് റിക്കാർഡുക<br>പ്രകാരം തരിശ്/പുറമ്പോക്ക് എന്ന് ചേർത്തിട്ടുള്ളതുമാ<br>ഭൂമി 1964-ലെ പതിവ് ചട്ടങ്ങൾ പ്രകാരം പതി<br>നൽകുന്നതിന് സംയുക്ത പരിശോധ<br>ആവശ്യമാണെന്നും, വനഭൂമിയായി 1895, 1902<br>1907, 1917 എന്നീ വിവിധ വർഷങ്ങളിൽ<br>വിജ്ഞാപനം ചെയ്തിട്ടുള്ള പ്രസ്തുത ഭൂമി ഡിസ്-റിസർ<br>ചെയ്തിട്ടില്ലായെങ്കിൽ ടി ഭൂമി റിസർവ് ഭൂമിയായി മാത്ര<br>തുടരുന്നതായും റവന്യൂ രേഖകളിൽ മാറ്റ<br>വരുത്തിയതുകൊണ്ട് വനഭൂമി അല്ലാതാകുന്നില്ലെന്ന<br>വനഭൂമി വനേതര ആവശ്യങ്ങൾക്ക് വിട്ടു നല്കുന്നതി<br>കേന്ദ്രാനുമതി ആവശ്യമാണെന്നും അറിയിച്ചിട്ടുണ്ട<br>കൂടാതെ കല്ലേലിമേട്, മണികണ്ടൻചാൽ എന്ന<br>പ്രദേശങ്ങളിൽ റിസർവ്വ് സ്റ്റാറ്റസിലുള്ള കുടിയേ<br>കൈവശഭൂമിക്ക് പട്ടയം നൽകുന്നതിന് ഒന്നുകിൽ Dis |

| | | | |
|---|---|---|---|
| | | | reserve ചെയ്തിട്ടുണ്ടായിരിക്കുകയോ അല്ലെങ്കിൽ സംയുക്ത പരിശോധന നടത്തിയതിൻറെ ലിസ്റ്റ് കേന്ദ്രസർക്കാർ അംഗീകരിക്കുകയോ ചെയ്യേണ്ടതാണെന്നും,അപ്രകാരമെങ്കിൽ Dis-reserve ചെയ്യതിൻറെയോ ജോയിൻറ് വേരിഫിക്കേഷന് നടത്തി കേന്ദ്ര സർക്കാർ അംഗീകരിച്ചതിൻറെയോ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നും, വനം വകുപ്പിൻറെ അനുമതിക്ക് വിധേയമായി നടപ സ്വീകരിക്കേണ്ടതാണെന്നും വനംവകുപ്പിൽ നിന്നു എറണാകുളം ജില്ലാ കളക്ടറെ അറിയിച്ചിട്ടുള്ളതാണ് എന്നാൽ ഹിൽമെൻറ് സെറ്റിൽമെൻറുകൾക്കായ അഗ്രി-ഫോറസ്റ്റ് വകുപ്പുകൾ റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളതും, വനം വകുപ്പിൻറെ ജണ്ടക്ക പുറത്തുള്ളതും,റവന്യൂ രേഖകളിൽ പുറമ്പോക്ക്/തരിശ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ കൈവശ ഭൂമി പതിച്ച് കൊടുക്കുന്നതിനായി പുറപ്പെടുവിച്ച GO(MS)2020/2020/RD ഉത്തരവിൻറെ അടിസ്ഥാനത്തിൽ പതിവ് നടപടികളുമായി മുന്നോട്ട് പോകാൻ തീരുമാനിച്ചിട്ടുണ്ട്. വനം വകുപ്പിൻറെ എതിർപ്പ് സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യാൻ ബഹു. മുഖ്യ മന്ത്രി യോഗം വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട് |
| (ബി) | ജണ്ടയ്ക്ക് വെളിയിലുള്ള കൈവശഭൂമിയ്ക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | കടവൂർ വില്ലേജിൽ സർവ്വേ നം. 1047/1-ൽപ്പെട്ട 65 പേർക്ക് പട്ടയം നൽകിയിട്ടുള്ളതും കുട്ടമ്പുഴ, നേര്യമംഗലം വില്ലേജുകളിലായി ആയിരത്തോളം അപേക്ഷകളിൽ ഭൂമി സർവ്വെ ചെയ്ത് സ്കെച്ച് തയ്യാറാക്കിയിരുന്നതും ആയതിൽ 372 അപേക്ഷകൾ പ്രകാരമുള്ള ഭൂമി പതിവ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതും 600-ഓളം അപേക്ഷകളിൽ പതിവ് റിക്കാർഡുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ ഈ പ്രവർത്തനങ്ങൾ നടന്നു വരവെ പ്രസ്തുത ഭൂമി വനഭൂമിയായി വിജ്ഞാപനം ചെയ്തിട്ടുള്ളതാണ് എന്ന് കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കോതമംഗലം സ്പെഷ്യൽ തഹസിൽദാരെ കത്ത് മുഖേന അറിയിക്കുകയുണ്ടായി. പ്രസ്തുത കത്തിൽ, കോതമംഗലം ഡിവിഷനിൽ 01/01/1977-ന് മുൻപ് വനഭൂമി കയ്യേറിയവർക്ക് സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ 160 ഹെക്ടർ വനഭൂമിക്ക് 1993-ലെ ചട്ടങ്ങൾ പ്രകാരം പട്ടയം നല്കിയിട്ടുള്ളതാണെന്നും, ജണ്ടക്ക് പുറത്ത് കിടക്കുന്നതും വില്ലേജ് റിക്കാർഡുകൾ പ്രകാരം തരിശ്/പുറമ്പോക്ക് എന്ന് ചേർത്തിട്ടുള്ളതുമായ ഭൂമി 1964-ലെ പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ച് നൽകുന്നതിന് സംയുക്ത പരിശോധന ആവശ്യമാണെന്നും, വനഭൂമിയായി 1895, 1902, 1907, 1917 എന്നീ വിവിധ വർഷങ്ങളിൽ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രസ്തുത ഭൂമി ഡിസ്-റിസർവ് ചെയ്തിട്ടില്ലായെങ്കിൽ ടി ഭൂമി റിസർവ് ഭൂമിയായി മാത്രം തുടരുന്നതായും റവന്യൂ രേഖകളിൽ മാറ്റം വരുത്തിയതുകൊണ്ട് വനഭൂമി അല്ലാതാകുന്നില്ലെന്നും വനഭൂമി |

| | | | |
|---|---|---|---|
| | | | വനേതര ആവശ്യങ്ങൾക്ക് വിട്ടു നല്കുന്നതിന് കേന്ദ്രാനുമതി ആവശ്യമാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ കല്ലേലിമേട്, മണികണ്ഠൻചാൽ എന്നീ പ്രദേശങ്ങളിൽ റിസർവ്വ് സ്റ്റാറ്റസിലുള്ള കുടിയേറ്റ കൈവശഭൂമിക്ക് പട്ടയം നൽകുന്നതിന് ഒന്നുകിൽ Dis-reserve ചെയ്തിട്ടുണ്ടായിരിക്കുകയോ അല്ലെങ്കിൽ സംയുക്ത പരിശോധന നടത്തിയതിൻറെ ലിസ്റ്റ് കേന്ദ്രസർക്കാർ അംഗീകരിക്കുകയോ ചെയ്യേണ്ടതാണെന്നും,അപ്രകാരമെങ്കിൽ Dis-reserve ചെയ്യതിൻറെയോ ജോയിൻറ് വേരിഫിക്കേഷൻ നടത്തി കേന്ദ്ര സർക്കാർ അംഗീകരിച്ചതിൻറെയോ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നും, വനം വകുപ്പിൻറെ അനുമതിക്ക് വിധേയമായി നടപടി സ്വീകരിക്കേണ്ടതാണെന്നും വനംവകുപ്പിൽ നിന്നും എറണാകുളം ജില്ലാ കളക്ടറെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ ഹിൽമെൻറ് സെറ്റിൽമെൻറുകൾക്കായി അഗ്രി-ഫോറസ്റ്റ് വകുപ്പുകൾ റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളതും, വനം വകുപ്പിൻറെ ജണ്ടക്ക് പുറത്തുള്ളതും,റവന്യൂ രേഖകളിൽ പുറമ്പോക്ക്/തരിശ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ കൈവശ ഭൂമി പതിച്ച് കൊടുക്കുന്നതിനായി പുറപ്പെടുവിച്ച GO(MS)2020/2020/RD ഉത്തരവിൻറെ അടിസ്ഥാനത്തിൽ പതിവ് നടപടികളുമായി മുന്നോട്ട് പോകാൻ തീരുമാനിച്ചിട്ടുണ്ട്. വനം വകുപ്പിൻറെ എതിർപ്പ് സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യാൻ ബഹു. മുഖ്യ മന്ത്രി യോഗം വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | താലൂക്കിലെ അർഹരായ മുഴുവൻ കൈവശക്കാർക്കും സമയബന്ധിതമായി പട്ടയം നൽകുന്നതിനാവശ്യമായ നടപടി ഉറപ്പുവരുത്തുമോയെന്ന് വ്യക്തമാക്കാമോ? | (സി) | താലൂക്കിലെ അർഹരായ മുഴുവൻ കൈവശക്കാർക്കും സമയബന്ധിതമായി പട്ടയം നൽകുന്നതിനാവശ്യമായ നടപടി ഉറപ്പു വരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ